പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4822 — 27/06/2014- ൽ മറുപടിക്ക്

**'അറവുമാട്ടുകളെ കർശന പരിശോധനയ്ക്ക് വിധേയമാക്കാൻ നടപടി'**

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം.വി. ശ്രേയാംസ് കുമാർ :

ശ്രീ. പി.സി.ജോർജ്ജ് :

ഡോ. എൻ. ജയരാജ് :

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മാംസാവശ്യത്തിനായി പ്രധാനമായും അറവുമാട്ടുകൾ എത്തുന്നത് എവിടെനിന്നാണ്; | എ) | സംസ്ഥാനത്ത് മാംസാവശ്യത്തിനായി പ്രധാനമായും അറവുമാട്ടുകൾ തമിഴ്നാട്, കർണ്ണാടക, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് എത്തുന്നത്. |
| ബി) | പേവിഷബാധ, ക്ഷയം, ജപ്പാൻജ്വരം, എലിപ്പനി, ബ്രൂസല്ലോസിസ്, എച്ച്1.എൻ1., ആന്ത്രാക്സ് രോഗങ്ങൾ എന്നിവ അറവുമാട്ടുകളിലൂടെ പകരുന്നതിനുള്ള സാദ്ധ്യതകൾ എത്രത്തോളമുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ബി) | പേവിഷബാധ, ക്ഷയം, ജപ്പാൻജ്വരം, എലിപ്പനി, ബ്രൂസല്ലോസിസ്, എച്ച്1.എൻ1., ആന്ത്രാക്സ് എന്നീ രോഗങ്ങൾ അറവുമാട്ടുകളിലൂടെ പകരുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്. എന്നാൽ ഇതു സംബന്ധിച്ച വിശദമായ പഠനങ്ങൾ മൃഗസംരക്ഷണ വകുപ്പ് നടത്തിയിട്ടില്ല. നിലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ 18 ചെക്ക് പോസ്റ്റുകളിൽ, തിരുവനന്തപുരത്ത് പാറശ്ശാലയിലും, പാലക്കാട് വാളയാറിലും മാത്രമാണ് വെറ്ററിനറി ഡോക്ടർമാരെ നിയമിച്ചിട്ടുള്ളത്. ഇവിടെയും ഉരുക്കളുടെ ബാഹ്യ പരിശോധന നടത്തി അസുഖം സംശയിക്കപ്പെടുന്നവയെ മടക്കി അയയ്ക്കുകയാണ് ചെയ്യുന്നത്. വിശദ പരിശോധന നടത്തുന്നതിന് ലബോറട്ടറി സംവിധാനങ്ങൾ ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങളുടെ അഭാവത്തിൽ ഇടയ്ക്കിടെ സാമ്പിളുകൾ ശേഖരിച്ച് റീജിയണൽ ലബോറട്ടറികളിലേയ്ക്കും ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലേയ്ക്കും അയച്ച് പരിശോധിക്കാറുണ്ട്. എച്ച്1 എൻ1 രോഗബാധ മറ്റ് സംസ്ഥാനങ്ങളിൽ ഉള്ളതായി അറിഞ്ഞാൽ ഉടൻ തന്നെ പ്രത്യേക സർവൈലൻസ് സംഘത്തെ പരിശോധനകൾ ഊർജ്ജിതമാക്കുവാൻ സജ്ജരാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ